# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 09.08.2025**

### പ്രധാനവാർത്തകൾ

1. രാജ്യത്തെ അംഗീകാരം ഇല്ലാത്ത 334 രാഷ്ട്രീയ പാർട്ടികളുടെ രജിസ്ട്രേഷൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കി.

2. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കർണാടക സന്ദർശിക്കും. ബെംഗളൂരുവിൽ മൂന്ന് വന്ദേ ഭാരത് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യും.

3. സംസ്ഥാനത്ത് ആദ്യമായി ഗ്രീൻ ബജറ്റ് നടപ്പാക്കുന്ന നഗരം എന്ന പദവി സ്വന്തമാക്കി തിരുവനന്തപുരം. 2050 ഓടെ കേരളത്തെ സമ്പൂർണ്ണ കാർബൺ ന്യൂട്രലാക്കുക ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. അതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാൻ സ്കൂൾ വിദ്യാർത്ഥികൾക്ക് സുരക്ഷാ മിത്രം പദ്ധതിയുമായി സംസ്ഥാന സർക്കാർ.

5. പാലക്കാട് ചിറ്റൂർ പുഴയിൽ കുളിക്കാനിറങ്ങിയ തമിഴ് നാട് സ്വദേശികളായ രണ്ട് വിദ്യാർത്ഥികൾ മുങ്ങി മരിച്ചു.

6. 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം പുറത്തിറക്കി.

*****************************************************************

RNU TVPM

## രജിസ്ട്രേഷൻ റദ്ദാക്കി

രാജ്യത്തെ അംഗീകാരം ഇല്ലാത്ത 334 രാഷ്ട്രീയ പാർട്ടികളുടെ രജിസ്ട്രേഷൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കി. ഇതോടെ സംഭാവനകൾ സ്വീകരിക്കാനുള്ള അനുമതി, ആദായ നികുതി ഇളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഈ പാർട്ടികൾക്ക് നഷ്ടമാകും. കേരളത്തിൽ 7 പാർട്ടികളെയാണ് ഒഴിവാക്കിയത്. R.S.P (B), R.S.P.I (M), സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി, സെക്കുലർ റിപ്പബ്ലിക്കൻ ഡെമോക്രാറ്റിക് പാർട്ടി, ദേശീയ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി, നാഷണൽ ഡെമോക്രാറ്റിക് പാർട്ടി സെക്കുലർ, നേതാജി ആദർശ് പാർട്ടി എന്നിവയുടെ അംഗീകാരമാണ് റദ്ദാക്കിയത്.

**************************************************************

## പ്രധാനമന്ത്രി-കർണാടക സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കർണാടക സന്ദർശിക്കും. ബെംഗളൂരുവിലെ കെഎസ്ആർ റെയിൽവേ സ്റ്റേഷനിൽ മൂന്ന് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ അദ്ദേഹം രാവിലെ ഫ്ലാഗ് ഓഫ് ചെയ്യും. തുടർന്ന്, ബാംഗ്ലൂർ മെട്രോ രണ്ടാം ഘട്ട പദ്ധതിയുടെ ആർവി റോഡ് മുതൽ ബൊമ്മസാന്ദ്ര വരെയുള്ള യെല്ലോ ലൈൻ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ബെംഗളൂരു മെട്രോയുടെ മൂന്നാം ഘട്ടത്തിനും അദ്ദേഹം തറക്കല്ലിടും.

**************************************************************

## മുഖ്യമന്ത്രി- ഗ്രീൻ ബജറ്റ് (ഇൻട്രോ)

2050 ഓടെ സംസ്ഥാനത്തെ സമ്പൂർണ്ണ കാർബൺ ന്യൂട്രലാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സുസ്ഥിര വികസന പദ്ധതികളുടെ ഭാഗമായി തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന സീഡ് ബോൾ നിർമ്മാണ ഉദ്ഘാടനവും ഗ്രീൻ ബജറ്റ് പ്രകാശനവും പുത്തരിക്കണ്ടം മൈതാനത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ആദ്യമായി ഗ്രീൻ ബജറ്റ് നടപ്പാക്കുന്ന നഗരം എന്ന നേട്ടം തിരുവനന്തപുരം സ്വന്തമാക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്)

**************************************************************

PNU TVPM

## വോട്ടർ പട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഇതിൻറെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾക്ക് ഇന്നും നാളെയും പ്രവർത്തി ദിവസമാണ്. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് ഈ മാസം 12 വരെ അവസരമുണ്ട്. അന്തിമ വോട്ടർ പട്ടിക 30-ന് പ്രസിദ്ധീകരിക്കും.

*****************************************************************

## സുരക്ഷാ മിത്രം പദ്ധതി (ഇൻട്രോ)

ബന്ധുക്കളിൽ നിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്തി സംരക്ഷണം നൽകാൻ സുരക്ഷാ മിത്രം പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകി പൊതുവിദ്യാഭ്യാസ വകുപ്പ്. കുട്ടികൾക്ക് സുരക്ഷിതമായി പരാതികൾ അറിയിക്കാൻ എല്ലാ സ്കൂളുകളിലും 'ഹെൽപ് ബോക്സ്' സ്ഥാപിക്കുമെന്നും മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

(വോയ്സ്)

*****************************************************************

## മുഖ്യമന്ത്രി

എ ഐ സാങ്കേതിക വിദ്യ, മെഷീൻ ലേണിങ് തുടങ്ങിയവയുടെ നിരുത്തരവാദപരമായ ഉപയോഗം നിരവധി ദോഷങ്ങൾ സൃഷ്ടിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. പട്ടിക വർഗ വികസന വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. എന്നാൽ എ ഐ സാങ്കേതിക വിദ്യ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുന്ന നിരവധി ഉദാഹരണങ്ങളും കാണാൻ സാധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*****************************************************************

PNUTVPM

## കോഴിക്കോട് ചലച്ചിത്രോത്സവം (intro)

കേരള ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിലുള്ള കോഴിക്കോട് മേഖല അന്താരാഷ്ട്ര ചലച്ചിത്രോത്സവം പുരോഗമിക്കുന്നു. വ്യത്യസ്ത വിഭാഗങ്ങളിലായി 15 ചിത്രങ്ങളാണ് ഇന്ന് പ്രദർശിപ്പിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

(വോയ്സ്)

*****************************************************************

## വ്യാജ കത്ത് -വനംവകുപ്പ്

ജോലി ഒഴിവുണ്ടെന്ന തരത്തിൽ വ്യാജ കത്ത് തയ്യാറാക്കി സാമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് തട്ടിപ്പിന് ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വനം വകുപ്പ്, പോലീസിൽ പരാതി നൽകി. ഇത്തരത്തിലുള്ള വ്യാജ കത്തുകളിൽ ജനങ്ങൾ വഞ്ചിതരാകരുതെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു.

BINU TVPM

*****************************************************************

## പുഴയിൽ വീണ് അപകടം

പാലക്കാട് ചിറ്റൂർ പുഴയിൽ വീണ് രണ്ട് വിദ്യാർത്ഥികൾ മരിച്ചു. തമിഴ് നാട് സ്വദേശികളായ ശ്രീഗൗതം, അരുൺ കുമാർ എന്നിവരാണ് മരിച്ചത്. വിളയോടി ഷണ്മുഖം കോസ് വേയിൽ കുളിക്കാനിറങ്ങിയ 10 അംഗ വിദ്യാർത്ഥി സംഘത്തിലെ രണ്ട് പേർ അപകടത്തിൽപെടുകയായിരുന്നു. കോയമ്പത്തൂർ കർപ്പകം കോളേജിലെ വിദ്യാർത്ഥികളാണ് ഇവർ.

*****************************************************************

## മന്ത്രി പി രാജീവ് - ഖാദി

ഖാദി തൊഴിലാളികളുടെ കുടിശിക ഓണത്തിന് മുമ്പ് പരമാവധി വിതരണം ചെയ്യുമെന്ന് മന്ത്രി പി രാജീവ്. ഓണം ഖാദി മേളയുടെ എറണാകുളം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. എനിക്കും വേണം ഖാദി എന്നതാണ് ഇത്തവണത്തെ സന്ദേശം. സ്വാതന്ത്ര്യ സമര പോരാട്ടത്തിന്റെ പ്രതീകമായ ഖാദിയെ

ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

**********************************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാം.

**********************************************************************

## വള്ളംകളി (ഇൻട്രോ)

71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം പുറത്തിറക്കി. വള്ളം തുഴഞ്ഞ് നീങ്ങുന്ന കാക്കത്തമ്പുരാട്ടിയാണ് ഇത്തവണത്തെ ഭാഗ്യചിഹ്നം. ഈ മാസം 30 നാണ് വള്ളം കളി.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി**
**ആർ. രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.....**
**(വോയ്സ്)**

**********************************************************************

## ഓണക്കോടി

ഇത്തവണത്തെ ഓണത്തിന് പ്രധാനമന്ത്രിക്കും ഏഴ് കേന്ദ്ര മന്ത്രിമാർക്കും കേരളം ഔദ്യോഗിമായി നൽകുന്ന ഓണക്കോടിക്കുള്ള തുണി നിർമ്മിക്കുന്നത് കണ്ണൂരിൽ നിന്നാണ്. ചൊവ്വയിലെ, ലോക്നാഥ് വീവേഴ്സിനാണ് തുടർച്ചയായ മൂന്നാം വർഷവും ഈ അവസരം ലഭിച്ചത്. പ്രധാനമന്ത്രിക്കായി രണ്ട് വ്യത്യസ്ത ഡിസൈനിലും കേന്ദ്ര മന്ത്രിമാർക്ക് ഓരോന്നു വീതമുള്ള ഒൻപത് ഡിസൈനിലുമാണ് നിർമ്മാണം.

**********************************************************************

## പിള്ളേരോണം (ഇൻട്രോ)

പത്തനംതിട്ട തിരുവല്ല വള്ളംകുളം തിരുവാമനമൂർത്തി ക്ഷേത്രത്തിൽ പിള്ളേരോണ ദിവസമായ ഇന്ന് ഓണസദ്യ ആസ്വദിച്ച് കുരുന്നുകൾ. ബാലകർക്കൊപ്പം വാമനമൂർത്തിയായ ഭഗവാനും സദ്യയുണ്ണുന്നു എന്നാണ് വിശ്വാസം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

RNU TVPM

(വോയ്സ്)

*********************************************************************

## കണ്ണൂർ- സ്മാർട്ട് ഫോൺ

കാഴ്ച ഇല്ലാത്തവർക്ക് ഹിയറിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത സ്മാർട്ട്ഫോൺ വിതരണം ചെയ്യുന്ന പദ്ധതിയിൽ കണ്ണൂർ ജില്ലാപഞ്ചായത്ത് അപേക്ഷ ക്ഷണിച്ചു. ഈ മാസം 31 ന് വൈകീട്ട് അഞ്ച് മണി വരെ അതത് ഗ്രാമപഞ്ചായത്തുകളിലാണ് അപേക്ഷ നൽകേണ്ടത്.

*********************************************************************

## പ്രധാനമന്ത്രി - സ്വാതന്ത്ര്യദിന ആശയങ്ങൾ

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ മാസം15-ന് ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ജനങ്ങളിൽ നിന്നും ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്. MyGov ഓപ്പൺ ഫോറം, NaMo App തുടങ്ങിയവയിലൂടെ ആശയങ്ങൾ പങ്കുവയ്ക്കാവുന്നതാണ്.

*********************************************************************

## ഹർ ഘർ തിരംഗ

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പൻ പുരോഗമിക്കുന്നു. ഓഗസ്റ്റ് 15 വരെയാണ് ക്യാമ്പയിൻ. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്.

*********************************************************************

## പാക് വിമാനങ്ങൾ തകർത്തു

ഓപ്പറേഷൻ സിന്ദൂറിനിടെ പാകിസ്ഥാൻറെ ആറ് സൈനിക വിമാനങ്ങൾ തകർത്തതായി ഇന്ത്യൻ വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിങ്. 5 യുദ്ധ വിമാനങ്ങളും ഒരു നിരീക്ഷണവിമാനവും ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയുടെ കൈവശമുള്ള റഷ്യയുടെ എസ് 400 വ്യോമ പ്രതിരോധ സംവിധാനമുൾപ്പെടെ ഉപയോഗിച്ചാണ് പാക് വിമാനങ്ങളെ

RNU TVPM

തകർത്തതെന്നും അദേഹം ബംഗളൂരുവിൽ പറഞ്ഞു. വീഡിയോ ദൃശ്യങ്ങൾ സഹിതമായിരുന്നു വ്യോമസേനാ മേധാവിയുടെ വെളിപ്പെടുത്തൽ.

************************************************************************************

## ലക്ഷദ്വീപ് - കൈറ്റ് പരിശീലനം

ലക്ഷദ്വീപിലെ 9 ദ്വീപുകളിലുള്ള അധ്യാപകർക്ക് കൈറ്റ് ഓൺലൈനായി നടത്തുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനത്തിന് തുടക്കമായി. 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന 110 അധ്യാപകരാണ് അഞ്ചു ബാച്ചുകളിലെ ആദ്യ പരിശീലനത്തിൽ പങ്കെടുക്കുന്നത്. 20 അധ്യാപകർക്ക് ഒരു മെന്റർ എന്ന നിലയിൽ ഒരു മാസം കൊണ്ടാണ് പരിശീലനം പൂർത്തിയാക്കുക.

******************************************

RNU TVPM

****************************************************************************************************************************